(ബി) തിരുവനന്തപുരം റേഞ്ചിൽ ആകെ എത്ര ചെത്തുതൊഴിലാളികളുണ്ട്;

(സി) ഒരു ദിവസം ഒരു തൊഴിലാളി എത്ര ലിറ്റർ കള്ളുചെത്തി അളക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; ഒരു ലിറ്റർ കള്ളിന് ഷാപ്പുടമ ചെത്തുതൊഴിലാളിക്ക് എന്തു വിലയാണ് നൽകേണ്ടത്;

(ഡി) വൃക്ഷക്കരയിനത്തിൽ ഈ റേഞ്ചിലെ കള്ളുഷാപ്പുടമകൾ ഒരു വർഷം എന്തുതുക നൽകണം;

(ഇ) ഈ ജില്ലയിൽ കള്ളുഷാപ്പുകളിലൂടെ വ്യാജമദ്യം വില്ക്കുന്നില്ലെന്നുറപ്പുവരുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു?

ഉത്തരം

(എ) 37 കള്ളുഷാപ്പുകൾ. 1999-2000 ലെ മൊത്തം ലേലത്തുക 7,01,60,009 രൂപ.

(ബി) 64 ചെത്തുതൊഴിലാളികൾ.

(സി) ഒരു ചെത്തുതൊഴിലാളി ഒരു ദിവസം 12 ലിറ്റർ കള്ള് അളക്കണമെന്നാണ് കണക്കാക്കിയിരിക്കുന്നത്. 1 ലിറ്റർ കള്ളിന് ഷാപ്പുടമ 6 രൂപ 25 പൈസ വിലയായി നൽകണം.

(ഡി) തിരുവനന്തപുരം റേഞ്ചിലെ ഷാപ്പുടമകൾ 1999-2000 വർഷത്തെ ഒന്നാം അർദ്ധവർഷത്തേക്ക് 55500 രൂപ വൃക്ഷക്കരമായി അടച്ചിട്ടുണ്ട്.

(ഇ) ഷാപ്പുകളും ഗോഡൗണുകളും നിരന്തരമായി പരിശോധന നടത്തിയും കള്ളുഷാപ്പുകളിൽ നിന്നും ഗോഡൗണിൽനിന്നും കള്ളിന്റെ സാമ്പിളുകൾ എടുത്തു ഗവണ്മെന്റ് കെമിക്കൽ എക്സാമിനറുടെ ലബോറട്ടറിയിൽ രാസപരിശോധന നടത്തിയും വ്യാജമദ്യവില്പന നടത്തിയതായി കണ്ടെത്തിയാൽ ഷാപ്പുടമയും വില്പനക്കാരനുമെതിരെ കർശനമായ ശിക്ഷാനടപടികൾ എടുത്തും കള്ളുഷാപ്പുകളിൽ വ്യാജമദ്യം വില്ക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നു.

59 (1508) സംസ്ഥാനത്തെ വനപ്രദേശത്തിന്റെ സർവ്വേ നടത്താൻ നടപടി

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനപ്രദേശം സർവ്വേ നടത്തി അതിർത്തി തിരിച്ച് അടയാളപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇനി ഏതെല്ലാം പ്രദേശങ്ങളാണ് അളന്ന് അടയാളപ്പെടുത്താൻ ബാക്കിയുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) ഇത് എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) ചോദ്യം ഉദിക്കുന്നില്ല.

145/2010.

LIBRARY ARCHIVES Kerala Legislative Assembly